പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1545 | 31-01-2018-ലെ മറുപടിയ്ക്ക്

**ജലദൗർലഭ്യം മൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ബാബു** | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) ചിറ്റൂർ താലൂക്കിൽ ജലസേചനത്തിന് ആവശ്യമായ വെള്ളം ഇല്ലാത്തതിനാൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജലദൗർലഭ്യം കാരണം എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്യിട്ടില്ലെന്നും എത്ര ഏക്കർ കൃഷി ഉണങ്ങിപോയി എന്നും വിശദമാക്കുമോ; | (ബി) 2017-18 രണ്ടാം വിള സീസണിൽ ചിറ്റൂർ താലൂക്കിൽ വരൾച്ചമൂലം 4115 ഏക്കർ (1646 ഹെക്ടർ) കൃഷി നശിക്കുകയും, വെള്ളം ലഭിക്കാത്തതുമൂലം 4192.5 ഏക്കർ (1677 ഹെക്ടർ) കൃഷിയിറക്കാനും കഴിഞ്ഞില്ല. |
| (സി) ചിറ്റൂർ താലൂക്കിലെ രണ്ടാം വിള ഇറക്കാൻ കഴിയാത്തവർക്കും കൃഷി നാശം സംഭവിച്ച കർഷകർക്കും മതിയായ നഷ്ടപരിഹാരം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 1183/2017/കൃഷി തീയതി 08/12/2017 പ്രകാരം പാലക്കാട് ജില്ലയിൽ വരൾച്ചമൂലം നെൽകൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് 2016-17 സാമ്പത്തിക വർഷം 4 കോടി രൂപ 2401-00-800-91-34 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ചു. |
| (ഡി) നിലവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

കടാശ്വാസം - വരൾച്ചയും, ജല ദൗർലഭ്യവും മൂലം പാലക്കാട് ജില്ലയിൽ 2016 - 2017 വർഷം രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കർഷകർക്ക് ധനസഹായം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

**സ.ഉ.(സാ.ധാ) നം. 1183/2017/കൃഷി** **തീയതി, തിരുവനന്തപുരം 08.12.2017**

പരാമർശം:- (1) കൃഷി ഡയറക്ടറുടെ 05/08/2017 തീയതിയിലെ ടിപി(2)34819/17 നമ്പർ കത്ത്

(2) 28/10/2017 തീയതിയിലെ സ.ഉ.(സാ.ധാ) നം.8144/2017/ധന ഉത്തരവ്

**ഉത്തരവ്**

വരൾച്ച മൂലവും ജലസേചനത്തിന് മലമ്പുഴ ഡാമിൽ നിന്ന് വെള്ളം ലഭിക്കാത്തതു മൂലവും, പാലക്കാട് ജില്ലയിൽ 2016 - 2017 സാമ്പത്തിക വർഷം 13990 ഹെക്ടർ സ്ഥലത്ത് രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടില്ലാത്ത കർഷകർക്ക് ഹെക്ടർ ഒന്നിന് 6,000/- രൂപ നിരക്കിൽ 839.40 ലക്ഷം രൂപ ധനസഹായമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

പാലക്കാട് ജില്ലയിൽ 2016 - 2017 സാമ്പത്തിക വർഷം രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനായി 2401-00-800-91-34 (പ്ലാൻ) ശീർഷകത്തിൽ 4 കോടി രൂപ അധിക ധനവിനിയോഗത്തിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2017 - 2018 സാമ്പത്തിക വർഷത്തിൽ 2401-00-800-91-34 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4 കോടി രൂപ പാലക്കാട് ജില്ലയിൽ 2016 - 2017 സാമ്പത്തിക വർഷം രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കർഷകർക്ക് ധനസഹായം നൽകുന്നതിന് അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി.എം.ആർ.**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**